(ബി) ഇപ്പോൾ ഈ സംവിധാനം നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ്;

(സി) റവന്യൂ, പ്രിന്റിംഗ്, വെയിറ്റ്സ് ആന്റ് മെഷേർസ്, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് എന്നീ വകുപ്പുകളിൽ ഇപ്രകാരം പ്രൊമോഷൻ നൽകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നേരത്തേ നൽകിയിരുന്നതുപോലെ പഞ്ചായത്ത് ഡിപ്പാർട്ടുമെന്റിൽ ഇപ്രകാരം പ്രൊമോഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതെ. നൽകിയിരുന്നു.

(ബി) 16.6.1994-ൽ സർവ്വീസിലുള്ള 4 വർഷം പൂർത്തിയാക്കുന്ന എസ്.എസ്.എൽ.സി. യോ തത്തുല്യ യോഗ്യതയോ ഉള്ള ജീവനക്കാരെ ഇപ്പോഴും എൽ.ഡി.ക്ലാർക്കായി നിയമിച്ചുവരുന്നു. എന്നാൽ കേരളാ പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം അതിനുശേഷം അർഹത നേടുന്നവർക്ക് പ്രൊമോഷൻ നൽകാൻ വ്യവസ്ഥയില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 16.6.1994-നു ശേഷം ജോലിയിൽ പ്രവേശിച്ചവർക്ക് പ്രൊമോഷൻ നൽകുവാൻ നിയമമില്ല.

പഞ്ചായത്തുകളിലേക്ക് ജീവനക്കാരെ മാറ്റി നിയമിക്കുന്നതിന് നടപടി

115(2913)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനകീയാസൂത്രണ പദ്ധതി പ്രകാരം മറ്റു വകുപ്പുകളിൽനിന്ന് പഞ്ചായത്തുകളിലേക്ക് ജീവനക്കാരെ മാറ്റി നിയമിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

ജനകീയാസൂത്രണ പദ്ധതി പ്രകാരം സർക്കാർ വകുപ്പുകളിൽനിന്ന് പഞ്ചായത്തുകളിലേക്ക് ജീവനക്കാരെ മാറ്റി നിയമിച്ചിട്ടില്ല. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് ഉദ്യോഗസ്ഥരെ പുനർവിന്യസിക്കുന്നത് സംബന്ധിച്ച ശുപാർശകൾ അധികാര വികേന്ദ്രീകരണ സമിതി സർക്കാരിന് സമർപ്പിച്ച മുറയ്ക്ക് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഗ്രാമപഞ്ചായത്തുകളിലെ ലൈബ്രേറിയൻമാർ

116(2914)ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇപ്പോൾ ലൈബ്രേറിയൻമാരുടെ സേവനം ലഭ്യമായിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly